**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 399** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവ്വേ രംഗത്ത് കൈവരിച്ച നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭൂമി സംബന്ധമായ രേഖകൾ ഡിജിറ്റൽ രേഖയാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത ആദ്യ സംസ്ഥാനമെന്ന നേട്ടം കേരളം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ലഭ്യമായിട്ടുള്ളതിൽ ഏറ്റവും നൂതനമായ സാങ്കേതികവിദ്യകളും, അത്യാധുനികമായ സർവെ ഉപകരണങ്ങളുമാണ് ഡിജിറ്റൽ സർവെ പദ്ധതിക്ക് സംസ്ഥാനത്ത് ഉപയോഗിക്കുന്നത്, ഏറെ വികസിച്ചിട്ടുള്ള ലോക രാജ്യങ്ങൾക്കിടയിൽ പോലും വിരലിലെണ്ണാവുന്നയിടങ്ങളിൽ മാത്രമാണ് പൂർണ്ണമായ രീതിയിൽ ഡിജിറ്റൽ ലാന്റ് സർവെ മാപ്പും സമഗ്ര ഭൂരേഖാ മാനേജ്മന്റ്പോർട്ടൽ സംവിധാനവും നിലവിലുള്ളത്. ഭൂരേഖാ പരിപാലനത്തിലെ അത്ഭുതപൂർവമായ ഈ നേട്ടത്തോടെ കേരളം ഈ രംഗത്ത് ലോക നിലവാരത്തിലേക്കുയർന്നിരിക്കുകയാണ്.സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള 28 COR സ്റ്റേഷനുകളുടെ ജിയോ നെറ്റ് വർക്കും, നാവിഗേഷൻ സാറ്റലൈറ്റ് സിഗ്നലിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന RTK ഉപകരണങ്ങളും ഉപയോഗിച്ച് ഭൂമിയിലെ ഓരോ അതിർത്തികളും വളരെ കൃത്യതയോടെയാണ്നിർണ്ണയിക്കുന്നത്. കൂടാതെ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള എന്റെ ഭൂമി പോർട്ടൽ മുഖേന പൊതു ജനങ്ങൾക്ക് സർവെ സംബന്ധിച്ച വിവരങ്ങൾ തൽസമയം ലഭ്യമാകുന്നതാണ്.<br><br>ഓരോ പാർസലിന്റെയും സർവെ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം, തരം, ഉടമസ്ഥാവകാശം തുടങ്ങിയ വിവരങ്ങൾ ബന്ധപ്പെട്ട ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നുണ്ട്. കൂടാതെ ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ ഭൂസേവനങ്ങൾ സംയോജിപ്പിച്ച് കൊണ്ട് എന്റെ ഭൂമി സംയോജിത പോർട്ടൽ (Integrated Land Information Management System)സജ്ജീകരിച്ചിട്ടുണ്ട്. ഭൂമി |

| | | | |
|---|---|---|---|
| | | | സംബന്ധമായ രേഖകൾ പൂർണ്ണമായും ഡിജിറ്റൽ ആക്കുന്ന ആദ്യ സംസ്ഥാനമെന്ന നേട്ടം കൈവരിക്കുന്ന തിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് പുരോഗമിച്ച് വരുന്നത്. പുതുശ്ശേരി, ആസ്സാം സംസ്ഥാനങ്ങളിലെ സർവേ സംഘം ഇതിനകം കേരളത്തിൽ എത്തി ഒരു മാസം പരിശീലനം നേടുകയും, ആന്ധ്രപ്രദേശ്, തമിഴ്നാട്, പശ്ചിമബംഗാൾ, ഒറീസ്സ,ലക്ഷദ്വീപ് തുടങ്ങിയ നിരവധിയിടങ്ങളിൽ നിന്ന് കേരളത്തിന്റെ സർവേ, ഐടി സൊല്യൂഷ്യനുകളുടെ ഉപദേശങ്ങൾക്കും സഹായങ്ങൾക്കുമായി കേരളത്തെ സമീപിച്ച് വരികയാണ്. ഇതിനോടകം തന്നെ വിവിധ സംസ്ഥാനങ്ങൾ സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവെ പദ്ധതിയെ പറ്റി കൂടുതൽ അറിയുന്നതിന് ബന്ധപ്പെട്ടിട്ടുള്ളത് തന്നെ പദ്ധതി രാജ്യാന്തര തലത്തിൽ ശ്രദ്ധിക്കപ്പെട്ടു എന്നതിന്റെ തെളിവാണ്. |
| (ബി) | ഡിജിറ്റൽ റീസർവ്വേ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | നാവിഗേഷൻ സാറ്റലൈറ്റ് സിഗ്നലിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന Real Time Kinematic (RTK) മെഷീനുകൾ ഉപയോഗിച്ച്ലോകത്തിലെ തന്നെ നിലവിൽ ലഭ്യമായിട്ടുള്ളതിൽ എറ്റവും നൂതനമായ സാങ്കേതിക വിദ്യകളും, അത്യാധുനികമായ സർവെ ഉപകരണങ്ങളായ Real Time Kinematic Rover(RTK-Rover), Robotic Total Station(RETS), Tablet PC എന്നിവ ഉപയോഗിച്ച് ഭൂമിയിലെ ഓരോ അതിർത്തികളും വളരെ കൃത്യതയോടെ നിർണ്ണയിക്കുന്ന പദ്ധതിയാണ് ഡിജിറ്റൽ സർവെ പദ്ധതി.<br><br>സർവെ പ്രവർത്തനങ്ങളുടെ കൃത്യതയ്ക്കായി സംസ്ഥാനത്ത് 28 COR സ്റ്റേഷനുകളും ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ഒരു കൺട്രോൾ സെന്ററും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സർവെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് “എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്.സർവെ സംബന്ധിച്ച എല്ലാ നടപടികളും പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് നിർവ്വഹിക്കുന്നത്. കൂടാതെ സർവെ സഭ, സർവെ ജാഗ്രതാ സമിതി തുടങ്ങിയ നടപടികളുടെ ഡിജറ്റൽ സർവെ പദ്ധതിയിൽ പൊതു ജനപങ്കാളിത്തം ഉറപ്പാക്കി സർവെ നടപടികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |
| (സി) | ഡിജിറ്റൽ റീസർവ്വേയിലൂടെ കൈവരിച്ച നേട്ടം സംബന്ധിച്ച് പഠിക്കുന്നതിന് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് പുരോഗമിക്കുന്ന ഡിജിറ്റൽ സർവെയുടെ സാങ്കേതിക വിവരങ്ങൾ മനസ്സിലാക്കുന്നതിനായി ആസ്സാം, പുതുച്ചേരി, തമിഴ്നാട്, ഒഡീഷ, ആന്ധ്രപ്രദേശ്, |

| | | | |
|---|---|---|---|
| | | | ലക്ഷദീപ്; പശ്ചിമ ബംഗാൾ എന്നീ സംസ്ഥനങ്ങളുടെ പ്രതിനിധികൾ കേരളം സന്ദർശിച്ചിട്ടുണ്ട് |
| (ഡി) | ഇതര സംസ്ഥാനങ്ങൾ ഡിജിറ്റൽ റീസർവ്വേ നടപടികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് സാങ്കേതിക വൈജ്ഞാനിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇതര സംസ്ഥാനങ്ങൾ ഡിജിറ്റൽ റീസർവ്വെ നടപടികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് സാങ്കേതിക വൈജ്ഞാനിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>സാങ്കേതിക വൈജ്ഞാനിക സഹായം ആവശ്യപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**ആന്ധ്രപ്രദേശ് -** ഡിജിറ്റൽ സർവെ ആപ്ലിക്കേഷനും സോഫ്റ്റ് വെയർ സൊല്യൂഷ്യനും ഉദ്യോഗസ്ഥർക്ക് പരിചയപ്പെടുത്തുന്നതിന് ആന്ധാപ്രദേശിലെ സർവെ, സെറ്റിൽമെന്റ് & ലാൻഡ് റെക്കോർഡ്സ് കമ്മീഷണർ കത്ത് നൽകിയിട്ടുണ്ട്.<br><br>**തമിഴ്നാട് -** സർവേ ഉപകരണങ്ങൾ വാങ്ങുന്നതിനായി എന്റെ ഭൂമിയുടെ പ്രൊപ്പോസൽ (ആർഎഫ്പി) തമിഴ്നാട് സർവെ സെറ്റിൽമെന്റ് വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്..<br><br>**പശ്ചിമ ബംഗാൾ -** സർവെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള (RFP),സർവെയർമാരെ നിയമിക്കുന്നതിനുള്ള മാർഗ്ഗ രേഖ, നിയമ ചട്ടക്കൂട് തുടങ്ങിയവയ്ക്കായി പശ്ചിമ ബംഗാൾ സർവേ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>**ലക്ഷദ്വീപ് (UT) -** സർവെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സർവേ ഉപകരണങ്ങളുടെയും ഐടി സൊല്യൂഷനുകളുടെയും സാങ്കേതിക വിശദാംശങ്ങൾ ലക്ഷ്യദ്വീപ് (യുടി) റവന്യൂ വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>കൂടാതെ രാജ്യത്തിനും ലോകത്തിനും തന്നെ മാതൃകയായ ഡിജിറ്റൽ സർവെ പദ്ധതി അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പരിചയപ്പെടുത്തുന്നതിനായി National Conclave on Digital Survey & Integrated Portal തിരുവനന്തപുരത്ത് വച്ച് ഈ വർഷം മെയ് മാസം നടത്തുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. |

സെക്ഷൻ ഓഫീസർ